മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നം.27950/AD A3/3/ADMIN/ADMIN തീയതി: 12.01.2026

വിജ്ഞാപനം

മഹാത്മാഗാന്ധി സർവകലാശാല ഹെൽത്ത് സെൻററിൽ മെഡിക്കൽ ഓഫിസർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രായം : 01.01.2026-ഇൽ 65 വയസ്സ് കവിയരുത്.

വേതനം : ₹50,000/- രൂപ പ്രതിമാസ വേതനം.

ഒഴിവുകൾ : 1 (ഒന്ന്)

യോഗ്യത : എം.ബി.ബി.എസ് ബിരുദവും, കേരള മെഡിക്കൽ കൗൺസലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത ഡോക്ടർമാർക്കും അപേക്ഷിക്കാം.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ, സ്കാൻ ചെയ്ത പി ഡി എഫ് രൂപത്തിലുള്ള പകർപ്പുകൾ സഹിതം **20.01.2026** തീയതിക്കകം **soada3@mgu.ac.in** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ബയോഡേറ്റയിൽ ഫോൺ നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1) പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത (മാർക്ക് ലിസ്റ്റുകൾ ഉൾപ്പെടെ) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

2) കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

3) തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്.

4) തിരഞ്ഞെടുപ്പ് തിരിച്ചറിയൽ/ആധാർ കാർഡ്.

മേൽപ്പറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവരെ ഇ-മെയിൽ മുഖാന്തരം അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് താത്കാലികവും സ്ഥിര നിയമനത്തിന് നിയമാനുസൃതം അർഹതയില്ലാത്തതുമാണ്.

ഫോൺ നം : 0481-2733240

ഡോ.ബിസ്മി ഗോപാലകൃഷ്ണൻ
രജിസ്ട്രാർ

Draft #96 of File 27950/AD A3/3/2019/ADMIN Approved by Registrar on 12-Jan-2026 05:01 PM - Page 1